**Deepika**

**30 August 2018**

**Thiruvananthapuram; After flood, Flood Relief, more Central Assistance, Mister of State for Finance**



# കേരളം വിശദ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ കൂടുതൽ കേന്ദ്രസഹായം: ധന സഹമന്ത്രി

**പുതിയ വായ്പകൾ എളുപ്പത്തിൽ ലഭ്യമാക്കാൻ നടപടി**

തിരുവനന്തപുരം: പ്രളയക്കെടുതിയിൽ നേരിട്ട നാശനഷ്ടം അടക്കമുള്ള വിശദറിപ്പോർട്ട് സമർപ്പിച്ചാൽ കൂടുതൽ കേന്ദ്രസഹായം ലഭ്യമാക്കുമെന്നു കേന്ദ്ര ധനസഹമന്ത്രി പൊൻ രാധാകൃഷ്ണൻ. പ്രളയക്കെടുതിയുമായി ബന്ധപ്പെട്ടു സംസ്ഥാനതല ബാങ്കേഴ്സ് അവലോകന യോഗത്തിനു ശേഷം മാധ്യമപ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം. വിശദ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്കു കേന്ദ്ര സംഘമെത്തി പരിശോധന നടത്തിയ ശേഷം കൂടുതൽ സഹായം അനുവദിക്കും.

ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 80.25 കോടി രൂപയും അനുവദിച്ചിരുന്നു. രണ്ടാംഘട്ടത്തിൽ 562 കോടി രൂപയും അനുവദിച്ചിരുന്നു. ഇനിയും കൂടുതൽ തുക അനുവദിക്കും. പ്രളയബാധിതർക്ക് ഒരു ലക്ഷം രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നതു സജീവ പരിഗണനയിലാണ്. ഇത്തരം നയപരമായ തീരുമാനം ഇവിടെ പ്രഖ്യാപിക്കാൻ കഴിയില്ല. ബാങ്കുകളുടെ ഉയർന്ന തലത്തിൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കുമെന്നും കേന്ദ്ര ധനസഹമന്ത്രി പറഞ്ഞു.

ബാങ്കുകൾ പലിശരഹിത വായ്പ നൽകുന്നതിനും ഇൻഷ്വറൻസ് ക്ലെയിമുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും യോഗത്തിൽ അനുഭാവപൂർണമായ നിലപാടുണ്ടായതായി സംസ്ഥാന ധനമന്ത്രി ടി.എം. തോമസ് ഐസക് പറഞ്ഞു. പുതിയ വായ്പകൾ എളുപ്പത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കും. കാർഷിക-ചെറുകിട വായ്പകൾക്ക് പ്രളയബാധിത പ്രദേശങ്ങളിൽ ഒരു വർഷം വരെ മോറട്ടോറിയം പ്രഖ്യാപിച്ചതിന് അംഗീകാരം നൽകി. നിഷ്ക്രിയ ആസ്തിയായ വായ്പകളിൽ ഇനി പരിശോധനയുണ്ടാകില്ലെന്നും അദ്ദേഹം അറിയിച്ചു.

കേരളം എത്രയും വേഗം വിശദമായ നിവേദനം സമർപ്പിക്കുമെന്നു തോമസ് ഐസക് അറിയിച്ചു. യോഗത്തിൽ കേന്ദ്ര ധനമന്ത്രാലയത്തിന് കീഴിലുള്ള സാമ്പത്തിക സേവന വിഭാഗത്തിലെ അഡീഷണൽ സെക്രട്ടറി ദേബാശിഷ് പാണ്ഡ, സാമ്പത്തിക ഉപദേഷ്ടാവ് എൻ. ശ്രീനിവാസ റാവു, റിസർവ് ബാങ്ക് റീജണൽ ഡയറക്ടർ എസ്.എം.എൻ. സ്വാമി തുടങ്ങിയവർ പങ്കെടുത്തു.